പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 78 30-06 -2016 -ൽ മറുപടിക്ക്

## അഴിമതി ആരോപണങ്ങൾ

ചോദ്യം

ശ്രീ. എ.പ്രദീപ് കുമാർ
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ. എം.രാജഗോപാൽ
ശ്രീ. എം.നൗഷാദ്

ഉത്തരം

ബഹു: പട്ടിക ജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളെ പ്രതിരോധിക്കാനായി അഡ്വക്കേറ്റ് ജനറലും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും നിയമ സഹായ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി തിരുത്തൽ നടപടികൾക്ക് സാധ്യതയുണ്ടോ എന്ന കാര്യം പരിശോധിക്കുമോ; | മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളെ പ്രതിരോധിക്കാനായി അഡ്വക്കേറ്റ് ജനറലും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും നിയമ സഹായ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തിയോ എന്ന വിഷയം പരിശോധിച്ചു വരുന്നു. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 18-6-2016ലെ സർക്കുലർ 3/2016 പ്രകാരം നിയമ സഹായ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തി എന്ന വിഷയത്തെപ്പറ്റി പരിശോധിക്കാൻ ഒരു ഗുഡ് ഗവേർണൻസ് ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് 2016 ജൂലൈ പകുതിയോടു കൂടിയേ പൂർത്തിയാവുകയുള്ളൂ. |
| (ബി) | ബാർ കോഴ കേസ്സിൽ ഉൾപ്പെടെ ഈ നിയമസഹായ സംവിധാനങ്ങൾ ഉപയോഗ പ്പെടുത്തിയത് കൂടാതെ സംസ്ഥാനത്തിന് പുറമെ നിന്ന് അഭിഭാഷകരെ കൊണ്ടുവന്ന് നിയമോപദേശം തേടുകയും കേസ് നടത്തുകയും ചെയ്തതിനെക്കുറിച്ച് സമഗ്രാന്വേഷണം നടത്തി നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | മുൻ ധനകാര്യ നിയമ ഭവന നിർമ്മാണവും വകുപ്പ് മന്ത്രിക്കെതിരെ രജിസ്റ്റർ ചെയ്ത വി.സി. 6/14/എസ്.ഐ.യു 1 (ബാർ കോഴ കേസ്) കേസിന്റെ അന്വേഷണ വേളയിൽ സുപ്രീം കോടതി മുതിർന്ന അഭിഭാഷകരായ ശ്രീ.എൻ.നാഗേശ്വര റാവു, ശ്രീ.മോഹൻ പരാശരൻ എന്നിവരോട് നിയമോപദേശം തേടാൻ വിജിലൻസ് ഡയറക്ടർ സ്വന്തം നിലയിൽ തീരുമാനിക്കുകയും ഉപദേശം നേടുകയും ചെയ്തിട്ടുണ്ട്. ഇവരുടെ ഫീസിനത്തിൽ 7,70,000/- (ഏഴു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപ നൽകുവാൻ വിജിലൻസ് ഡയറക്ടർ |

| | | |
|---|---|---|
| | | ശിപാർശ നൽകിയിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ authorization ഇല്ലാതെ വിജിലൻസ് വകുപ്പിന് സ്വന്തം നിലയ്ക്ക് നിയമ വകുപ്പിനെയും അഡ്വക്കേറ്റ് ജനറലിനെയും മറികടന്ന് പുറമെയുള്ള അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടാവുന്നതല്ലെന്ന് നിയമ വകുപ്പ് സെക്രട്ടറി 6-10-2015ൽ അഭിപ്രായപ്പെട്ടു. എന്നാൽ ഇതിനെ മറികടന്നുകൊണ്ട് ധനകാര്യ വകുപ്പ് 4-11-2015ലും 20-1-2016ലും ഈ തുക നൽകണമെന്ന് ശിപാർശ ചെയ്തു. ഇതിൽ 9-3-2016ന് തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു ശേഷം തുക നൽകുവാൻ മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി. ഇതേ വിഷയത്തിൽ കേരള ഹൈക്കോടതിയിൽ OP(Crl)No.376/2015ൽ ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്കു വേണ്ടി സംസ്ഥാന സർക്കാരിന്റെ പാനലിലില്ലാത്ത ശ്രീ.കപിൽ സിബൽ, ശ്രീ. മുഹമ്മദ് നിസാമുദ്ദീൻ പാഷ എന്നിവരെ നിയമിച്ചതിന് 37,10,000/- (മുപ്പത്തിയേഴ് ലക്ഷത്തി പതിനായിരം രൂപ മാത്രം) ഫീസിനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അംഗീകരിച്ചിട്ടില്ല. ഇതടക്കമുള്ള വിഷയങ്ങൾ ഗുഡ് ഗവേർണൻസ് ഓഡിറ്റിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻപ്രകാരം,

(signed)

സെക്ഷൻ ഓഫീസർ.